# വാസ്തുവിദ്യാ ഗുരുകുലം

(ചുമർചിത്ര രചന, പരമ്പരാഗത വാസ്തുവിദ്യ എന്നിവയുടെ പ്രചരണം-സുസ്ഥിര സാങ്കേതികവിദ്യകളിലെഗവേഷണം)

**സാംസ്കാരിക കാര്യ വകുപ്പ്, കേരള സർക്കാർ**


---

നം. ഇ-116/2026/വിവിജി. 13.03.2026

പ്രേഷകൻ,

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്,

ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ ഓഫീസർ

ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ ഓഫീസ്

വിഷയം : വാസ്തുവിദ്യാ ഗുരുകുലം, ആറന്മുള - അവധിക്കാല ചിത്രകലാപഠനം "നിറച്ചാർത്ത്-2026" കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നതു സംബന്ധിച്ച് നല്കുന്ന പത്രകുറിപ്പ്.

സർ,

കേരളത്തിന്റെ തനത് വാസ്തുശില്പ പൈതൃകത്തെ പരിപോഷിപ്പിക്കു ന്നതിനായി സംസ്ഥാന സാംസ്കാരിക വകുപ്പിന് കീഴിൽ ആറന്മുള കേന്ദ്രമാക്കി വാസ്തുവിദ്യാ ഗുരുകുലം പ്രവത്തിച്ചുവരുന്നു. പരമ്പരാഗത വാസ്തുശാസ്ത്രവും ചുമർ ചിത്രകലയും പ്രകൃതി സൗഹൃദ നിർമ്മാണ വിദ്യയും പ്രചരിപ്പിക്കുന്നതിലുള്ള വിവിധ കർമ്മ പദ്ധതികൾ ഈ സ്ഥാപനം നടത്തി വരുന്നു.

അവധിക്കാല ചിത്രകലാപഠനം "നിറച്ചാർത്ത്-2026" കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് അഡ്മിഷനുകൾ ആരംഭിക്കുകയാണ്. അപേക്ഷകൾ പൂരിപ്പിച്ച് നൽകേണ്ട അവസാന തീയതി 01.04.2026.

പത്രകുറിപ്പ് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

എക്സിക്യൂട്ടീവ് ഡയറക്ടർ

PRIYADARSANAN P S
Executive Director
Vasthuvidya Gurukulam, Aranmula
Kerala Govt. Institution, Dept of Culture

---

പത്രവാർത്ത

വാസ്തുവിദ്യാ ഗുരുകുലത്തിൽ അവധിക്കാല ചിത്രകലാപഠനം "നിറച്ചാർത്ത്-2026" കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് അഡ്മിഷനുകൾ ആരംഭിക്കുകയാണ്. അപേക്ഷകൾ പൂരിപ്പിച്ച് നൽകേണ്ട അവസാന തീയതി 01.04.2026

ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളെ ജൂനിയർ വിഭാഗത്തിലും എട്ടാം ക്ലാസ്സ് മുതലുള്ള വിദ്യാർത്ഥികളെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തി രണ്ടു ബാച്ചുകളായി ഏപ്രിൽ, മെയ് മാസങ്ങളിൽ 27 പ്രവൃത്തി ദിവസങ്ങളിലായാണ് കോഴ്സുകൾ നടത്തുന്നത്. ആഴ്ച്ചയിൽ തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 3.30 pm വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. ജൂനിയർ വിഭാഗത്തിന് 2250/- രൂപയും, സീനിയർ വിഭാഗത്തിന് 4250/-രൂപയുമാണ് കോഴ്സ്ഫീസ്. കേരളത്തിലെ പ്രശസ്തരായ ചുമർചിത്ര കലാകാരന്മാർ, നാടൻപാട്ട് കലാകാരന്മാർ, സിനിമാ-നാടകപ്രവർത്തകർ, കവികൾ, മിമിക്രി-മോണോ ആക്ട് കലാകാരന്മാർ തുടങ്ങിയ വിവിധ മേഖലകളിലെ ബഹുമുഖ പ്രതിഭകൾ എന്നിവരുടെ നേതൃത്വത്തിലാണ് ക്ലാസ്സുകൾ നടക്കുന്നത്. വിശദവിവരങ്ങൾക്ക് വാസ്തുവിദ്യാ ഗുരുകുലവുമായി ബന്ധപ്പെടുക.

അപേക്ഷകൾ ചുവടെ ചേർത്തിരിക്കുന്ന മേൽ വിലാസത്തിൽ ലഭ്യമാക്കേണ്ട അവസാന തീയതി 01.04.2026. www.vasthuvidyagurukulam.com എന്ന വെബ്സൈറ്റിൽ കൂടി ഓൺലൈനായും അപേക്ഷകൾ ലഭ്യമാക്കാവുന്നതാണ്. ക്ലാസ്സുകൾ 06.04.2026 ന് ആരംഭിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് വാസ്തുവിദ്യാ ഗുരുകുലവുമായി നേരിട്ട് ബന്ധപ്പെടുക.

എക്സിക്യൂട്ടീവ് ഡയറക്ടർ
വാസ്തുവിദ്യാഗുരുകുലം
ആറന്മുള, പത്തനംതിട്ട ജില്ല
പിൻ 689533
Office Ph: 0468 - 2319740
Mobile: 9188089740, 9605458857, 0468-2319740
Web site: www.vasthuvidyagurukulam.com